## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6672 09-11-2016-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ.യിൽ നിന്ന് വായ്പയെടുത്ത് പ്രയാസപ്പെടുന്നവർക്ക് ആശ്വാസ നടപടികൾ**

| | ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായി പ്രയാസപ്പെടുന്നവർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | 31.12.2014 ന് മുൻപ് കുടിശ്ശിക ആരംഭിച്ച കേസുകളിൽ ബന്ധപ്പെട്ട കക്ഷികൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹമായ കേസുകളിൽ കമ്പനി ഭരണസമിതിയുടെ അനുമതിക്കു വിധേയമായി ഒറ്റതവണ തീർപ്പാക്കൽ പദ്ധതിപ്രകാരം പലിശ ഇനത്തിൽ ഇളവ് നൽകിവരുന്നുണ്ട്. |
| (ബി) | മുതലിനേക്കാൾ കൂടുതൽ പലിശയടച്ചവരുടെ വായ്പ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) & (സി) | വായ്പ എഴുതിതള്ളുന്ന കാര്യം പരിഗണനയിലില്ല. കെ എസ്.എഫ്.ഇ. യിൽ ഹ്രസ്വകാല വായ്പകളിൽ മുതലിനേക്കാൾ പലിശ ഈടാക്കുന്ന സമ്പ്രദായം ഇല്ല. എന്നാൽ ദീർഘകാല വായ്പയായി (20 വർഷം വരെ) അനുവദിച്ചുവരുന്ന ഭവന വായ്പയിലും ദീർഘകാലയളവിൽ അവസാനിക്കുന്ന ചിട്ടികളിൽ നിന്നുള്ള വായ്പകളിലും സ്വാഭാവികമായും മുതലിനേക്കാൾ പലിശ വരുന്നുണ്ട്. ഹ്രസ്വകാല വായ്പകളിൽ പലിശ മുതലിനേക്കാൾ കൂടുന്ന അവസരത്തിൽ അത് മുതൽ സംഖ്യയിൽ നിജപ്പെടുത്തി കൊടുക്കാറുണ്ട്. |
| (സി) | എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.